**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 120** **22-02-2022 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ പോലീസ് സ്റ്റേഷന് സ്വന്തമായി ഭൂമിയും കെട്ടിടവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ കണ്ടാണശ്ശേരിയിൽ പ്രവർത്തിക്കുന്ന ഗുരുവായൂർ പോലീസ് സ്റ്റേഷന് സ്വന്തമായി ഭൂമിയും കെട്ടിടവും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ; | (എ) | ഗുരുവായൂർ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത്, ആളൂർ വില്ലേജിൽ സർവ്വേ നം.240/01 ൽ ഉൾപ്പെട്ട റവന്യൂ പുറമ്പോക്ക് ഭൂമി അനുയോജ്യമായി കണ്ടെത്തിയതിനെ തുടർന്ന് പ്രസ്തുത ഭൂമിയിൽ നിന്നും 25 സെന്റ് ഭൂമി നൽകുന്നതിന് ജില്ലാകളക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത സ്ഥലം മറ്റം സെന്റ് തോമസ് ഫെറോന പള്ളിയോട് ചേർന്നുള്ള വിദ്യാലയത്തിന്റെ കളി സ്ഥലമാണെന്ന് കാണിച്ച് പള്ളി അധികാരികൾ ബഹു.ഹൈക്കോടതിയിൽ WP (C) 42459/2018, 77/2019 എന്നീ നമ്പരുകളിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതും പ്രസ്തുത റിട്ട് പെറ്റീഷനുകൾ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലുമാണ്. അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത സ്റ്റേഷന്റെ പ്രവർത്തനത്തിന് താല്കാലികമായി സ്ഥലം വാടകയ്ക്ക് നൽകിയിട്ടുള്ള കണ്ടാണശ്ശേരി പഞ്ചായത്തിലെ മൂത്തേടത്ത് വീട്ടിൽ ശ്രീ. എം. പി. സിദ്ധാർത്ഥൻ, ടിയാന്റെ സ്ഥലം തിരികെ വിട്ടുകിട്ടുന്നതിന് സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | 30.10.2021 തീയതിയിലെ ജി.211005128/ സി.എം.ഒ. നമ്പരായി ആഭ്യന്തര വകുപ്പിന് നൽകിയിട്ടുള്ള ശ്രീ. എം. പി. സിദ്ധാർത്ഥന്റെ അപേക്ഷയിന്മേൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ? | (സി) | ശ്രീ. എം.പി. സിദ്ധാർത്ഥന്റെ അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുകയും ബഹു. എം.എൽ.എ യ്ക്ക് മറുപടി (അനുബന്ധം) നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

ആഭ്യന്തര(ഇ) വകുപ്പ്

05/01/2022,തിരുവനന്തപുരം

നമ്പർ.ഇ1/374/2021/ആഭ്യന്തരം

അഡീഷണൽ ചീഫ് സെക്രട്ടറി

ശ്രീ മുരളി പെരുനെല്ലി(എം.എൽ.എ),
മണലൂർ നിയോജകമണ്ഡലം,
പെരുനെല്ലി ഹൗസ്, ഊരകം,
പതിയാർകളങ്ങര പി.ഒ, പരപ്പൂർ (വഴി),
തൃശ്ശൂർ-680552.

സർ,

വിഷയം:- ആഭ്യന്തര വകുപ്പ് - ഗുരുവായൂർ പോലീസ് സ്റ്റേഷൻ കെട്ടിടം ഉടമയ്ക്ക് മടക്കി നൽകുന്നത് - സംബന്ധിച്ച്

സൂചന:- 1) 8.9.2021 ൽ അങ്ങ് ബഹു. മുഖ്യമന്ത്രിക്ക് നൽകിയ നിവേദനം.

2) സംസ്ഥാന പോലീസ് മേധാവിയുടെ 19.11.2021 തീയതിയിലെ എച്ച്14/172949/2021/ പി.എച്ച്.ക്യു നമ്പർ കത്ത്.

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഗുരുവായൂർ പോലീസ് സ്റ്റേഷൻ കെട്ടിടത്തിന് അനുയോജ്യമായ ഒരു സ്ഥലം ലഭിക്കാത്ത സാഹചര്യത്തിലാണ് നിലവിലെ കെട്ടിടം ഒഴിഞ്ഞ് നൽകാൻ സാധിക്കാത്തതെന്നും മറ്റൊരു അനുയോജ്യമായ കെട്ടിടമോ, സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലമോ കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ ജില്ലാ തലത്തിൽ പുരോഗമിച്ചു വരുന്നുവെന്നും പരാതിക്കാരന്റെ സ്ഥലത്ത് നിന്നും മരങ്ങൾ മുറിച്ച് മാറ്റുന്നു എന്ന ആരോപണം വാസ്തവമല്ല എന്നും സ്ഥലത്തെ മരങ്ങളിൽ നിന്നും ഫലങ്ങൾ എടുക്കുന്നതിന് ഉടമസ്ഥന് തടസമില്ലാത്തതാണെന്നും സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

ഡോ. ഒ.സെറീന
അഡിഷണൽ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി